കവിത

കെ.ജി രാഘവൻ നായർ

# പ്രവാചകത്വം

ഭൂമിയിൽ ധർമം ക്ഷയിച്ചിടുമ്പോൾ
ദൈവം നിയോഗിപ്പൂ ദൂതന്മാരെ

ധന്യമാം ജീവിതം താണ്ടിടുന്ന
മാനുഷർക്കേകും പ്രവാചകത്വം.

ഇങ്ങനെ നാൾക്കുനാൾ ഭൂതലത്തിൽ
ഒട്ടല്ല ദൂതന്മാർ ജാതരായി,

ഈസയും മൂസയും സക്കര്യയും
യാക്കൂബും യൂസുഫും ദൂതരല്ലോ.

കാലമാം ചക്രം തിരിഞ്ഞിടുമ്പോ–
ളോരോ സമൂഹത്തിൽ ദൂതന്മാരെ

ദൈവം നിയോഗിച്ചയച്ചിടുന്നു
ധർമസംസ്ഥാപനം സാധ്യമാക്കാൻ.

ഈസാ പ്രവാചകൻ മൺമറഞ്ഞു
കാലങ്ങൾ വീണ്ടും കടന്നുപോയി.

ഇങ്ങനെ കാലം കഴിഞ്ഞിടുമ്പോ–
ളുണ്ടായറേബ്യയിൽ ധർമലോപം.

പേരും പെരുമയും കൈയടക്കാൻ
നേതാക്കൾ തങ്ങളിൽ യുദ്ധമാടി.

മർത്ത്യരെയൊക്കെയും കൊന്നൊ
ടുക്കി
സ്ത്രീകളെ ജേതാക്കൾ കൈയടക്കി.

യോഷമാർ മൗലികൾ വേശ്യമാരായ്,
ബാലകന്മാരെല്ലാം ദാസ്യരായി,

മക്കാ പുരത്തിലെ മന്ദിരത്തിൽ
ദുർമൂർത്തിപൂജകൾ നൃത്തമാടി.

ദുഷ്പ്രാഭവംകൊണ്ടു ലോകരെല്ലാം
തോരാത്ത ദുഃഖത്തിലാണ്ടുപോയി.

സത്യവും ധർമവും പോയൊളിച്ചു
ദുഷ്ടർക്കരങ്ങായി മാറി ഭൂമി.

മർത്ത്യന്റെ രോദനം കേട്ട ദൈവം
മുഹമ്മദിന്നേകി പ്രവാചകത്വം.

●